**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3036** **18-03-2022 - ൽ മറുപടിയ്ക്ക്**

**മഞ്ഞപ്പുഴ/രാമൻപുഴയുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സായ മഞ്ഞപ്പുഴ/രാമൻപുഴ സംരക്ഷിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) | മഞ്ഞപ്പുഴയുടെ സംരക്ഷണ പ്രവൃത്തിയ്ക്കായി സർക്കാർ ഉത്തരവ് G.O(Rt)No.302/2020/WRD dated 13/05/2020 പ്രകാരം 178 ലക്ഷം രൂപയുടെ (ജി.എസ്.ടി ഉൾപ്പെടാതെ) ഭരണാനുമതി നല്കുകയും തുടർന്ന് സാങ്കേതികാനുമതി നൽകി, എഗ്രിമെന്റ് വച്ച് പ്രവൃത്തി നടന്നു വരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനും കൃഷിക്കാർക്ക് ജലസേചനത്തിന് പ്രയോജനപ്പെടുന്ന വെന്റഡ് ക്രോസ് ബാറുകൾ നിർമ്മിക്കുന്നതിനുമായി ഡി.പി.ആർ. തയ്യാറാക്കാൻ നടപടി സ്വീകരിക്കാമോ; | (ബി) | നിലവിൽ നടന്നുവരുന്ന മഞ്ഞപ്പുഴയുടെ സംരക്ഷണ പ്രവൃത്തിയിൽ ജല സംരക്ഷണത്തിനാവശ്യമായ ചെക്ക് ഡാമും കാട്ടാമ്പള്ളി ബണ്ടിന്റെ പുനർനിർമ്മാണവും 352.00 മീറ്റർ പാർശ്വഭിത്തി സംരക്ഷണ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നിലവിൽ പ്രസ്തുത പുഴയുടെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് പ്രദേശവാസികളുടെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പരാതികളിന്മേൽ ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും അറിയിക്കാമോ? | (സി) | മൈനർ ഇറിഗേഷനുകീഴിൽ നിലവിൽ ഒരു പരാതിയും മേജർ ഇറിഗേഷനുകീഴിൽ 17 പരാതികളും ലഭിച്ചിരുന്നു. ടി പരാതികൾ പ്രകാരമുള്ള 5 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കിയുള്ള പരാതികളിൽമേലുള്ള പ്രൊപ്പോസലുകളും എസ്റ്റിമേറ്റും തയ്യാറാക്കി വരികയും ചെയ്യുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. പൂർത്തീകരിച്ച 5 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|
| 1 | SDRF- Rectification to the right bank of Manhapuzha at Kurumboyil near Mannittayil house in ward No. 8 of Panangad Panchayath. | 18.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | SDRF- Rectification to the left bank of Manhapuzha at Kolankanni in ward No. 8 of Panangad Panchayath. | 18.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | FC- Protecting the left bank of Manhapuzha along flood bank at Chembolithaze Kattamvally Nada in Balusseri Panchayath. | 45.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | RMF- Protecting the right bank of Manhapuzha at Karayathodi Anganavadi in ward No. 16 of Panangad Panchayath. | 42.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | FC(Plan)-Protecting the left bank Manhapuzha at upstream of Kovilakam thazhe bridge at Kozhipatta thazhe in Balusseri Panchayath. | 34.50 | പ്രവൃത്തി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ